ശ്രദ്ധയിൽപ്പെടുത്തുകയാണ്. വലിയ പെരുമ്പുഴ പാലത്തിന്റെ ഒരു വെൽ ചരിഞ്ഞു പോയി. ടിൽറ്റ് ഉണ്ടായി. ആ ചരിഞ്ഞു പോയ വെല്ലിന്റെയും, ഇനിയും പണി ആരംഭിക്കാനിരിക്കുന്ന രണ്ട് വെല്ലുകളുടെയും പുതിയ ഡിസൈൻ ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈനുകൾക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. ഈ ഡിസൈനുകൾക്കു അനുമതി ലഭിക്കുന്ന കാര്യവും അടിയന്തിരമായി അങ്ങ് പരിഗണിക്കണം. എനിക്ക് ഒരു നിർദ്ദേശമുള്ളത് അങ്ങ് ബന്ധപ്പെട്ടവരുടെ ഒരു യോഗം ഈ ആഴ്ച തന്നെ വിളിച്ചു കൂട്ടി ഈ മൂന്നു വെല്ലുകളുടെ ഡിസൈന് അപ്രൂവൽ നൽകുന്ന കാര്യത്തിനും, നബാർഡിന്റെ ധനസഹായം ലഭ്യമാകാതെ പോകുന്ന സാഹചര്യം ഒഴിവാക്കാൻ, മതിയായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട്, ഒന്നേകാൽ കോടി രൂപയുടെ പെന്റിംഗ് ബിൽ കൊടുത്ത് തീർത്തുകൊണ്ട് പാലത്തിന്റെ പണിയിൽ ഇന്ന് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ പാലത്തിന്റെ പണി മുടങ്ങിക്കിടക്കുകയായിരുന്നു. മുടങ്ങിക്കിടന്ന പാലത്തിന്റെ പണി ഈ ഗവൺമെന്റാണ് ആരംഭിച്ചത്. 336 ലക്ഷം രൂപയാണ് അതിന്റെ എസ്റ്റിമേറ്റ്. 263 ലക്ഷം രൂപ നബാർഡ് ലോണായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ കൊല്ലം 120 ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കുന്നതിനു വേണ്ടി 6-1-2000-ൽ ഗവൺമെന്റിലേക്ക് അതിന്റെ ശുപാർശ കിട്ടിയിട്ടുണ്ട്. നബാർഡിൽ നിന്നും ആ തുക ഏറെ താമസിയാതെ കൊടുക്കും. വെല്ലുകളുടെ കാര്യത്തിൽ അതിന്റെ ഡിസൈൻ ഇപ്പോൾ ഏറ്റവും വേഗം പുതുക്കി നിശ്ചയിച്ച് അംഗീകാരം കൊടുക്കുന്നതാണ്. പാലം പണി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(8) വർക്കല ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എ. അലി ഹസ്സൻ : സർ,വർക്കലയിലെ പഴക്കമേറിയ സർക്കാർ ആശുപത്രിയുടെ പരാധീനതകൾക്ക് ഒരു പരിഹാരം ഉണ്ടാക്കണമെന്നുള്ള അഭ്യർത്ഥനയാണ് ഞാൻ ഈ സബ്മിഷൻ കൂടി അവതരിപ്പിക്കുന്നത്. മൂന്നര ഏക്കറോളം വിസ്തൃതിയുള്ള കാമ്പൗണ്ടിൽ ഏകദേശം 80 വർഷത്തിനു മുൻപ് നിർമ്മിച്ചിട്ടുള്ള ആശുപത്രിയാണ് വർക്കല സർക്കാർ ആശുപത്രി. ഈ ഗവൺമെന്റ് ആശുപത്രിയുടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ദിനം പ്രതി 400-നും 500-നും ഇടയ്ക്ക് രോഗികൾ ഒ.പി.യിൽ പേര് രജിസ്റ്റർ ചെയ്യുന്നുണ്ട്. അടിയന്തിരമായി സർക്കാരിന്റെയും, ഡിപ്പാർട്ടുമെന്റിന്റെയും ശ്രദ്ധ താഴെപ്പറയുന്ന കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്. ഒ.പി. രജിസ്ട്രേഷൻ ദിനംപ്രതി കൂടി വരുന്നതിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം കൂട്ടുക. ഐ.പി വിഭാഗത്തിൽ 64 കിടക്കകളാണ് ഇപ്പോഴുള്ളത് അവയുടെ എണ്ണം വർദ്ധിപ്പിക്കണം. പ്രസവ കേസ് ധാരാളമുള്ളതിനാൽ ലേഡി ഡോക്ടർമാരുടെ പോസ്റ്റിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം. ഒരു പോസ്റ്റ്മോർട്ടം യൂണിറ്റ് (പി.പി.യു) തുടങ്ങാൻ അനുവാദം ഉണ്ടാകണം. എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ഓപ്പറേഷൻ തീയറ്റർ ഉണ്ടാകണം. ഒരു എക്സ്റേ യൂണിറ്റ് അനുവദിക്കണം. വളരെ പഴക്കമുള്ള മോർച്ചറി പുതുക്കിപ്പണിത് രണ്ട് ശവശരീരങ്ങൾ എങ്കിലും ശീതീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കണം. പേ വാർഡ് സൗകര്യം ഇല്ലാത്തതുകൊണ്ട് 20 മുറികളുള്ള ഒരു പേ വാർഡ് കെട്ടിടം കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കാൻ അനുവാദം നൽകണം. ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ലബോറട്ടറി കെട്ടിടത്തിനു പകരം ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ലബോറട്ടറി കെട്ടിടം നിർമ്മിക്കണം. ഉണ്ടായിരുന്ന രണ്ട് ഹെഡ് നേഴ്സിന്റെയും, മൂന്ന് ഹോസ്പിറ്റൽ അറ്റന്റേഴ്സിന്റെയും തസ്തികകൾ വളരെക്കാലമായി ഒഴിഞ്ഞ് കിടക്കുകയാണ്. ആ തസ്തികയിലേക്ക് അടിയന്തിരമായി നിയമനം നടത്തണം. ഡോക്ടർമാർക്കും, സ്റ്റാഫിനും താമസിക്കാൻ ക്വാർട്ടേഴ്സ് ഇല്ല, അതുണ്ടാകണം. എല്ലാറ്റിനുമുപരി ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ ആശുപത്രി സന്ദർശിച്ച് പോരായ്മകൾക്ക് പരിഹാരം ഉണ്ടാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ബഹുമാനപ്പെട്ട വർക്കല മെമ്പറുടെ സബ്മിഷനിൽ പറഞ്ഞ പല കാര്യങ്ങളും യാഥാർത്ഥ്യമുള്ളതാണ്. വർക്കല സർക്കാർ ആശുപത്രിയിൽ 64 കിടക്കകൾ ഉണ്ട്. അതിനനുസൃതമായി തസ്തികകൾ നിലവിലുണ്ട് എങ്കിലും ധാരാളം രോഗികൾ പ്രവേശിക്കപ്പെടുന്നതുകൊണ്ട് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശം ലഭിച്ചു കഴിഞ്ഞാൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ലേഡി ഡോക്ടറുടെ ലഭ്യതയ്ക്കനുസരിച്ച് ഗൈനക്കോളിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പോസ്റ്റ്മോർട്ടം യൂണിറ്റുകൾ (പി.പി.യൂണിറ്റുകൾ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ളതാണ്. പുതിയ നിയമനുസരിച്ച് പി.പി യൂണിറ്റുകൾ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. ഈ ആശുപത്രിയിലേക്ക് ഓപ്പറേഷൻ തീയേറ്റർ, എക്സ്റേ യൂണിറ്റ്, മോർച്ചറി, ശീതീകരണ സംവിധാനം, ലാബ് പ്രവർത്തനം എന്നീ വികസന പ്രവർത്തനങ്ങൾക്ക് വർക്കല മുനിസിപ്പാലിറ്റിയുമായി ചർച്ച ചെയ്ത് തീരുമാനം ഉണ്ടാക്കേണ്ടതാണ്. പേ വാർഡിന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മായി കരാറുകൾ ഉണ്ടാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല. ലഭിക്കുന്നതിനനുസരിച്ച് ഗവൺമെന്റ് അനുമതി നൽകും. ഹെഡ് നേഴ്സ്, ഹോസ്പിറ്റൽ അറ്റൻഡർ എന്നീ വിഭാഗങ്ങളിലെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്ത്രി സന്ദർശിക്കണം എന്ന ഒരു ആഗ്രഹം അദ്ദേഹം സൂചിപ്പിച്ചു. എല്ലാ എം.എൽ. എ.മാരും മന്ത്രിയോട് ആശുപത്രി സന്ദർശിക്കണം എന്ന് അഭ്യർത്ഥിക്കുന്നുണ്ട്. നമുക്ക് കാലക്രമേണ വേണ്ട നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാം എന്ന് ഉറപ്പു നൽകുന്നു.

(9) മണിയൂർ, പാലയാട് ആയഞ്ചേരി തുടങ്ങി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം

ശ്രീ. എ. കണാരൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ ആയഞ്ചേരി, തിരുവള്ളൂർ, മണിയൂർ, പാലയാട് വേളംപുറവേലി, കുറ്റ്യാടി പഞ്ചായത്തുകളിലെ 292,670 കുടുംബങ്ങൾക്കു കുടിവെള്ളം ലഭിക്കുന്ന പദ്ധതി തകർന്നുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. 5-8-1988-ന്

LIBRARY ARCHIVES Kerala Legislative Assembly